പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5859 | 09/07/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചെയിൻമാൻമാരുടെ വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) താലൂക്ക് ആഫീസുകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്ന സർവ്വേയർമാർക്ക് സഹായികളായി ചെയിൻമാൻമാരെ അനുവദിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇവർക്ക് നൽകുന്ന വേതനം എത്രയാണ്; അറിയിക്കുമോ;<br><br>(സി) ഇവർക്ക് സമയബന്ധിതമായി വേതനം നൽകാറുണ്ടോ; കുടിശ്ശികയിനത്തിൽ എത്രയാണ് നൽകാനുള്ളതെന്ന് വിശദമാക്കുമോ;<br><br>(ഡി) യഥാസമയം വേതനം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>31/05/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) 200/10/റവന്യൂ പ്രകാരം താലൂക്കിലെ സർവ്വെ വിഭാഗത്തിന്റെ പ്രവർത്തനങ്ങളും ഭൂരേഖകളുടെ പരിപാലനവും ശക്തിപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിന്റെ ഭാഗമായി താലൂക്കിലെ ഭൂരേഖകളുടെ പരിപാലന വിഭാഗത്തിൽ അധികമായി ഉണ്ടാകുന്ന ജോലിഭാരത്തിന് ആനുപാതികമായ സർവ്വെ ജീവനക്കാരെ പുനർവിന്യസിക്കുവാനും സർവ്വേയർമാർക്ക് സഹായികളായി ആവശ്യമെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ചെയിൻമാൻമാരുടെ സേവനം പ്രയോജനപ്പെടുത്തുവാനും ഉത്തരവായി. എന്നാൽ ഇതുവരെ അപ്രകാരം ചെയിൻമാൻമാരെ നിയമിക്കപ്പെട്ടിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ